**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 458** **09-08-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് അനുവദിച്ച് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) എസ്.പി.വി. ആയി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാല നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | അകത്തേത്തറ റെയിൽവേ മേൽപ്പാലത്തിന് റെയിൽവേ ഭാഗം ഒഴികെ 16 സ്പാനുകളിലായി 64 പൈലുകളും, 14 പൈൽ ക്യാപ്പുകളും, 14 പിയറും, 2 അബഡ്മെന്റും ആണ് ഉള്ളത്. നാളിതുവരെ മുഴുവൻ പൈലുകളും, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ്, അബഡ്മെന്റ്, 14/16 സ്പാനുകളുടെ ഗർഡറുകളും, 12/16 സ്ലാബുകളും 80 % ഡ്രൈനേജും , 40% റീട്ടെയിനിംഗ് വാളിന്റെയും നിർമ്മാണം പൂർത്തിയാക്കി. ബാക്കി വരുന്ന റീട്ടെയിനിംഗ് വാളിന്റെയും സർവ്വീസ് റോഡിന്റെയും പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അകത്തേത്തറ റെയിൽവേ മേൽപ്പാലത്തിന്റെ റെയിൽവേയുടെ 3 സ്പാനുകൾ റയിൽവേ നേരിട്ടാണ് നിർമ്മിക്കുന്നത്. ആയതിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി 02.06.2023 ന് കരാറുകാരന് റെയിൽവേ വർക്ക് ഓർഡർ നൽകി. 15 മാസമാണ് റെയിൽവേ പ്രവർത്തി പൂർത്തിയാക്കാനുള്ള കാലാവധി. റെയിൽവേ സ്പാനിന്റെ ഇരുവശത്തുമായി ബാക്കി നാല് സ്പാനുകൾ റെയിൽവേയുടെ ഈ നിർമ്മാണ പ്രവർത്തികൾ പൂർത്തിയായതിനു ശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇനി എന്തെല്ലാം പണികളാണ് പൂർത്തിയാക്കാനുള്ളത് എന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും എന്നും അറിയിക്കാമോ? | (ബി) | റെയിൽവേ നേരിട്ട് നിർമ്മിക്കുന്ന 3 സ്പാനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഈ പ്രവർത്തികൾ പൂർത്തിയാക്കിയാൽ മാത്രമേ തൊട്ടടുത്തുള്ള രണ്ട് സ്പാനിലെ girder erection പൂർത്തിയാക്കാനും, ഇതിനു ശേഷം മാത്രമേ 4 സ്പാനിലെ സ്ലാബ് കോൺക്രീറ്റുകൾ പൂർത്തിയാക്കുവാനും സാധിക്കുകയുള്ളൂ. ഇവ പൂർത്തിയാക്കിയാൽ മാത്രമേ expansion joint, hand rail, crush barrier, BM& BC, എന്നിവ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഇവ ഒഴികെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന റീട്ടെയിനിംഗ് വാൾ, സർവ്വീസ് റോഡ്, അപ്രോച്ച് |

| | | | |
|---|---|---|---|
| | | | റോഡ്, ഡ്രെയിനേജ് എന്നിവയുടെ പ്രവർത്തികൾ സെപ്റ്റംബർ അവസാനത്തോടു കൂടി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ